# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 18

## വാർത്താക്കുറിപ്പ്

---

## ആദ്യ റാങ്കിങ്ങിൽ രാജ്യത്തെ മികച്ച 25 വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി എം.ജി. സർവകലാശാല

- റാങ്കിങ്ങിൽ ഇടംനേടിയ കേരളത്തിലെ ഏക സർവകലാശാലയാണ് എം.ജി.
-

നൂതനാശയങ്ങളും കണ്ടുപിടുത്തവും സംരംഭകത്വവും വളർത്തുന്ന രാജ്യത്തെ മികച്ച 25 വിദ്യാഭ്യാസ സ്ഥാപനങ്ങിലൊന്നായി മഹാത്മാഗാന്ധി സർവകലാശാല . കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവും ഓൾ കൗൺസിൽ ഫോർ ടെക് നിക്കൽ എജ്യുക്കേഷനും നൂതനാശയങ്ങളും സംരംഭകത്വവും വളർത്തുന്ന രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി തയാറാക്കിയ ആദ്യ റാങ്കിങ്ങിൽ (അടൽ റാങ്കിങ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് ഓൺ ഇന്നൊവേഷൻ അച്ചീവ് മെന്റ്സ്-ARIIA) സർക്കാർ-സർക്കാർ എയ്ഡഡ് സർവകലാശാലകളുടെ ഗണത്തിലാണ് ആദ്യ 25 റാങ്കിനുള്ളിൽ എം.ജി. ഇടംനേടിയത്. റാങ്കിങ്ങിൽ ഇടംനേടിയ കേരളത്തിലെ ഏക സർവകലാശാലയാണ് എം.ജി.

ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങളുടെ ഗണത്തിൽ കേരളത്തിൽനിന്ന് കോഴിക്കോട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക് നോളജി എട്ടാം റാങ്ക് കരസ്ഥമാക്കി . കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂ ട്ട് ഓഫ് മാനേജ്മെന്റ്, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ് പേസ് സയൻസ് ആൻഡ് ടെക് നോളജി എന്നിവയും ആദ്യ 25 റാങ്കിനുള്ളിലെത്തി. പൊതുധനം ചെലവഴിക്കുന്ന സ്ഥാപനങ്ങൾ , സ്വകാര്യ-സെൽഫിനാൻസിങ് സ്ഥാപനങ്ങൾ എന്നിങ്ങനെ വേർതിരിച്ചാണ് റാങ്കിങ് നടത്തിയത്.

ബൗദ്ധികസ്വത്തവകാശവുമായി ബന്ധപ്പെട്ട പരിപാടികൾ - പ്രവർത്തനങ്ങൾ-നൂതനസംരംഭങ്ങൾ-സംരംഭകത്വം, ബിസിനസ്, ഫിനാൻസ് എന്നിവയുമായി ബന്ധപ്പെട്ട പ്രീ ഇൻക്യുബേഷൻ -ഇൻക്യുബേഷൻ അടിസ്ഥാന സൗകര്യങ്ങൾ-സേവനങ്ങൾ, ഇതിനായുള്ള വാർഷിക ബജറ്റ് ചെലവഴിക്കൽ , ഇന്നൊവേഷൻ, ഐ.പി.ആർ., സംരംഭകത്വവികസനം എ ന്നിവയിലുള്ള കോഴ് സുകൾ, ബൗദ്ധികസ്വത്ത്, സാങ്കേതിക വിദ്യയുടെ കൈമാറൽ -വാണിജ്യവൽക്കരണം, വിജകരമായ സ്റ്റാർട്ടപ്പുകൾ , നൂതനകണ്ടുപിടുത്തങ്ങൾ എന്നിങ്ങനെ വിവിധ ഘടകങ്ങളാണ് റാങ്കിങ്ങിനായി പരിഗണിച്ചത് . രാജ്യത്തെ 180 സർവകലാശാല/ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നാണ് മികച്ച 50 സ്ഥാപനങ്ങളുടെ റാങ്ക് തയാറാക്കിയത്. 494 കോളജ്-വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള മികച്ച 50 സ്ഥാപനങ്ങളുടെ റാങ്കിങ്ങും പ്രസിദ്ധീകരിച്ചു. കോളജ്-വിദ്യാഭ്യാസ സ്ഥാപന വിഭാഗത്തിൽ കേരളത്തിൽനിന്ന് ശ്രീനാരായണ കോളജ് ആദ്യ 25 റാങ്കിനുള്ളിൽ ഇടംനേടി . വിവിധ ഗണത്തിലുള്ള മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിങ്ങാണ് പ്രസിദ്ധീകരിച്ചത്.

(പി.ആർ.ഒ/39/818/2020)

# സ്റ്റുഡന്റ് മെന്ററിംഗ്: വെബിനാർ 22ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ കീഴിലുള്ള സൈക്കോളജിക്കൽ കൗൺസിലിങ് സെന്റർ സർവകലാശാല -കോളേജ് അധ്യാപകർക്കായി 'സ്റ്റുഡന്റ് മെന്ററിംഗ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 22ന് രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫസർ സാബു തോമസ് ഉദ്ഘാടനം ചെയ്യും. സർവകലാശാലയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ആനിയമ്മ മാത്യു, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ ഡോ. രാജീവ് കുമാർ എന്നിവർ സംസാരിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്തെ ലക്ഷ്യങ്ങൾ, അധ്യാപക-വിദ്യാർഥി ബന്ധങ്ങളുടെ ആവശ്യകത എന്നിവ വിശകലനം ചെയ്യും. വെബിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് https://forms.gle/CgWQseRjLhn6qTnHA എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/819/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ